# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3071.** **19-06-2018 ൽ മറുപടിയ്ക്ക്**

## നെൽകർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷം നെൽകർഷകർക്ക് നിയമാനുസൃതം നൽകേണ്ട നെല്ല് സംഭരണത്തിനുള്ള ചെലവ് നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സ്വകാര്യ മില്ലുകൾ ആണ് കോൾ മേഖലയിലെ നെല്ല് സംഭരിക്കുന്നത്. കൊയ്ത്ത് കഴിഞ്ഞ് പാടങ്ങളിൽ നിന്നും സംഭരണ പോയിന്റിലേക്ക് നെല്ല് കൊണ്ടു വരുന്നതിനു ചിലവുകളിലേക്ക് ഒരു കിന്റൽ നെല്ലിന് 37/- രൂപ സ്വകാര്യ മില്ലുകൾക്ക് സർക്കാർ നൽകുന്നുണ്ട്. പക്ഷേ ഈ പ്രവൃത്തി സ്വകാര്യ മില്ലുകൾ കോൾപ്പടവ് സമിതികളിലെ കർഷകരെ കൊണ്ടാണ് ചെയ്യിക്കുന്നത് എന്നും സ്വകാര്യ മില്ലുകൾക്ക് ഈയിനത്തിൽ ലഭിക്കുന്ന തുക കർഷകർക്ക് നൽകുന്നില്ല എന്നും കാലങ്ങളായി തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘം ഈ ആവശ്യവുമായി ബന്ധപ്പെട്ട് പരാതി ഉന്നയിക്കുന്നു എന്നും തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നു. കളക്ടറുടെ ശ്രദ്ധയിൽ ഈ ആവശ്യം ജില്ലാകോൾ കർഷക സംഘം ഉന്നയിക്കുകയും സ്വകാര്യ മില്ലുടമകളുമായി ചർച്ച നടക്കുകയും ചെയ്തുവെങ്കിലും സ്വകാര്യ മില്ലുടമകൾ കർഷകർക്ക് ചിലവിനത്തിൽ വരുന്ന തുക നൽകുന്നതിനു തയ്യാറായിട്ടില്ലാത്ത സാഹചര്യത്തിൽ നെൽ വയൽ തരിശിടുന്ന സമരമാർഗ്ഗത്തിലേക്ക് നീങ്ങുമെന്ന് തൃശ്ശൂർ കോൾ കർഷക സംഘം അറിയിച്ചിട്ടുള്ളതായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നു. |
| (ബി) | ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിനായി തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം കൃഷിഭൂമി തരിശിടുന്നതിന് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (സി) | തരിശു രഹിത കേരളം എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തെ തകർക്കുന്ന ഈ തീരുമാനത്തിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നതിന്; അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നെൽ വയൽ തരിശിടുന്ന സമരമാർഗ്ഗത്തിലേക്ക് നീങ്ങുമെന്ന് തൃശ്ശൂർ കോൾ കർഷക സംഘം തീരുമാനമെടുത്ത കാര്യം കൃഷി ഡയറക്ടറെ സംഘം മുൻകൂട്ടി അറിയിച്ചിരുന്നില്ല. ഇക്കാര്യം കൃഷി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ഇപ്പോൾ മാത്രമാണെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെട്ട്, പ്രശ്നം പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിക്കു ന്നതിനും, തൃശ്ശൂർ കോൾ കർഷക സംഘത്തെ ഈ സമരത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**